മാതൃഭൂമി 07 June 2023

# അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ്സ് കൊച്ചിയിൽ

കൊച്ചി | നാഷനൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസ് (നാസ്) സംഘടിപ്പിക്കുന്ന 16ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ്സിന് കൊച്ചി വേദിയാകും. ഒക്ടോബർ പത്ത് മുതൽ 13 വരെയാണ് ഇന്ത്യയിൽ നിന്നും വിദേശത്ത് നിന്നുമായി 1500ലേറെ പ്രതിനിധികൾ പങ്കെടുക്കുന്ന കോൺഗ്രസ്സ് നടക്കുക. സമ്മേളനത്തിന് ഇത്തവണ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ് (സി എം എഫ് ആർ ഐ) ആതിഥ്യമരുളുന്നത്.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കാർഷിക-ഭക്ഷ്യസംവിധാനങ്ങളുടെ പരിവർത്തനം എന്ന പ്രമേയത്തിലാണ് സമ്മേളനം.

സമ്മേളനത്തിൽ ലോകമെമ്പാടുമുള്ള പ്രമുഖരായ ഗവേഷകർ, അക്കാദമിക് വിദഗ്ധർ, വിദ്യാർഥികൾ, കർഷകർ, സംരംഭകർ തുടങ്ങിയവർ കാർഷിക, അനുബന്ധ മേഖലകളിലെ കണ്ടെത്തലുകളും ആശയങ്ങളും അനുഭവങ്ങളും പങ്കുവെക്കും.